# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2555 — 09-07-2015 -ൽ മറുപടിക്ക്

## റവന്യൂ ഡിസാസ്റ്റർ മാനേജ്മെന്റ് മുഖേന റോഡുകളുടെ അടിയന്തിര പുനരുദ്ധാരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഇ.പി.ജയരാജൻ | | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) | കാലവർഷക്കെടുതി മൂലം ഗതാഗത യോഗ്യമല്ലാതായിത്തീർന്ന റോഡുകളുടെ അടിയന്തിര പുനരുദ്ധാരണത്തിനായി ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ് മുഖേന 2014-2015 ൽ അനുവദിച്ചതും 2015 മാർച്ച് 31 നു മുമ്പായി ആരംഭിക്കാത്തതു മായിട്ടുള്ള പ്രവൃത്തികളുടെ ഭരണാനുമതി റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ ; | എ) & ബി) | കാലവർഷക്കെടുതി മൂലം ഗതാഗത യോഗ്യമല്ലാതായിത്തീർന്ന റോഡുകളുടെ അടിയന്തിര പുനരുദ്ധാരണം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരമായിരുന്നു. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ കാലാവധി 31.3.2015- ന് അവസാനിച്ച സാഹചര്യത്തിൽ പ്രസ്തുത ഫണ്ടുപയോഗിച്ച് പുതിയ പ്രവർത്തികൾ നടപ്പിൽ വരുത്തുവാൻ കഴിയാത്തതിനാലാണ്, 2015 മാർച്ച് 31-നു മുമ്പായി ആരംഭിക്കാത്ത പ്രവൃത്തികളുടെ ഭരണാനുമതി റദ്ദ് ചെയ്ത് കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത്. ആയതിനാൽ കാലപരിധി ദീർഘിപ്പിക്കുവാനും നിർവ്വാഹമില്ല. |
| ബി) | ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ റദ്ദു ചെയ്ത നടപടി പുനപരിശോധിക്കുവാനും പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുവാനുമുള്ള കാലപരിധി 2015 ഡിസംബർ 31 വരെ ദീർഘിപ്പിച്ചു നൽകുവാനും നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ